# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 7914

16.07.2014 ൽ മറുപടിയ്ക്ക്

## സഹകരണ ബാങ്കുകൾ മുഖേനയുള്ള വായ്പാ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കടക്കെണിയിലായ കർഷകരെ സഹായിക്കാൻ സഹകരണ ബാങ്കുകൾ മുഖേന എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) കാർഷിക കടാശ്വാസ കമ്മീഷന്റെ അവാർഡിന്റെ അടിസ്ഥാനത്തിൽ കടാശ്വാസം അനുവദിക്കുന്നുണ്ട്. ഇതിന്പുറമെ 15.02.2015 വരെ കാർഷിക വായ്പകളിന്മേലുള്ള ജപ്തി നടപടികൾ നിർത്തിവച്ചിട്ടുണ്ട്. കൂടാതെ കുടിശ്ശികയായ വായ്പകളിൽ മുതലിനേക്കാൾ അധികരിച്ച് പലിശ വരുന്നുണ്ടെങ്കിൽ മുതലിനൊപ്പം പലിശ വാങ്ങി വായ്പാ കണക്ക് അവസാനിപ്പിക്കുന്നതിനുള്ള പദ്ധതി നിലവിലുണ്ട്. ഇതിന്പുറമെ ആശ്വാസ പദ്ധതിയിനത്തിൽ കുടിശ്ശിക കുറയുന്നതിനുള്ള ക്യാമ്പയിനുകളുടെ ഭാഗമായി പരമാവധി ഇളവുകൾ പലിശ/ പിഴപ്പലിശയിനത്തിൽ നൽകുന്നുണ്ട്. |
| (ബി) ദേശസാൽകൃത ബാങ്കുകൾ മുഖേന കർഷകർക്ക് പലിശയിൽ സബ്സിഡി ഇളവ് നൽകി കാർഷിക വായ്പ നൽകുന്നതുപോലെ, സഹകരണ ബാങ്കുകൾ വഴി ഇത്തരത്തിലുള്ള വായ്പകൾ കർഷകർക്ക് നൽകുന്നുണ്ടോ; | (ബി) ഉണ്ട്.<br>നെൽകൃഷിക്ക് പലിശ രഹിത വായ്പ അനുവദിക്കുന്ന പദ്ധതി നിലവിലുണ്ട്. അതോടൊപ്പം കൃത്യമായി ഹ്രസ്വകാല വായ്പ തിരിച്ചടയ്ക്കുന്ന കർഷകർക്ക് ഉത്തേജക പലിശയിളവ് പദ്ധതി പ്രകാരം പരമാവധി 5% പലിശ ഇളവ് സംസ്ഥാന സർക്കാർ നൽകുകയും പരമാവധി 3% നബാർഡ് |

സബ്‌വെൻഷനും നൽകി, വായ്പ പൂർണ്ണമായും പലിശ രഹിതമായി നൽകുന്ന പദ്ധതി സഹകരണ ബാങ്കുകളിൽ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിലവിലുണ്ട്.

(സി) എങ്കിൽ സഹകരണ വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ബാങ്കുകൾ വഴിയാണ് ഇത്തരത്തിലുള്ള വായ്പ വിതരണം ചെയ്യുന്നത്;

(സി) സഹകരണ വകുപ്പിന്റെ കീഴിലുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/സർവീസ് സഹകരണ ബാങ്കുകൾ മുഖേന ഇത്തരത്തിലുള്ള വായ്പകൾ വിതരണം ചെയ്യുന്നു.

(ഡി) സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്യുന്ന കാർഷിക വായ്പാ തുകയ്ക്ക് പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ പരമാവധി എത്ര രൂപയാണ് നൽകുകയെന്ന് അറിയിക്കുമോ;

(ഡി) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കുന്ന സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായി പരമാവധി 3 ലക്ഷം രൂപ വരെ ഹ്രസ്വകാല കാർഷിക വായ്പകൾ സർവീസ് സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ മുഖേന നൽകി വരുന്നു. കൂടാതെ കാർഷിക അനുബന്ധ വായ്പകൾക്ക് 10 ലക്ഷം രൂപ വരെയും നൽകി വരുന്നു. എന്നാൽ 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് മാത്രമെ നിലവിലുള്ള പലിശയിളവ് ആനുകൂല്യം ലഭ്യമാകുകയുള്ളു.

(ഇ) കാർഷിക വായ്പയ്ക്ക് ഈടായി സ്വീകരിക്കുന്നത് എന്തെല്ലാമാണ്; സബ്സിഡി കഴിഞ്ഞ് വായ്പ തുകയുടെ എത്ര ശതമാനമാണ് പലിശയായി കർഷകരോട് ഈടാക്കുന്നത്;

(ഇ) പരമാവധി ഒരു ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾ അംഗങ്ങളുടെ പരസ്പര ജാമ്യത്തിന്മേൽ വിതരണം ചെയ്യാവുന്നതാണ്. ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ 3 ലക്ഷം രൂപവരെയുള്ള കാർഷിക വായ്പകൾ വസ്തു ജാമ്യത്തിന്മേലോ, രണ്ടിൽ കുറയാത്ത സർക്കാർ ഉദ്യോഗസ്ഥന്മാരുടെയും ശമ്പള സർട്ടിഫിക്കറ്റ് ജാമ്യമായി സ്വീകരിച്ച് വായ്പ നൽകാവുന്നതാണ്. സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ/ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരാത്ത കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ എന്നിവയിൽ

| | | |
|---|---|---|
| | | നിന്നും വിതരണം ചെയ്യുന്ന മൂന്ന് ലക്ഷം രൂപയിൽ അധികരിച്ച് കാർഷികവും, കാർഷികേതരവുമായ എല്ലാത്തരം വായ്പകളും വസ്തു ഈടിന്മേലും മതിയായ ജാമ്യത്തിന്മേലും മാത്രമേ നൽകാറുള്ളൂ. നബാർഡ് ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ വഴി കാർഷിക ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകുന്ന 3% സബ്‌വെൻഷനോടൊപ്പം സംസ്ഥാന സർക്കാരിന്റെ പരമാവധി 5% സബ്സിഡി വിഹിതം കൂടി നൽകി പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകുന്നതിന് ഉത്തേജന പലിശയിളവ് പദ്ധതി നിലവിലുണ്ട്. കൂടാതെ നെൽകൃഷിക്ക് പരിധി കണക്കിലെടുക്കാതെ പലിശ രഹിത വായ്പയും നൽകി വരുന്നു. |
| (എഫ്) | ഇത്തരത്തിൽ നൽകുന്ന സബ്സിഡി വായ്പകൾ കർഷകർക്ക് തന്നെയാണ് ലഭിക്കുന്നത് എന്നുറപ്പാക്കാൻ സഹകരണ വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (എഫ്) സഹകരണ വകുപ്പിലെ ഇൻസ്പെക്ടർമാർ/ ഓഡിറ്റർമാർ കാലാകാലങ്ങളിൽ സംഘം പരിശോധനയും ഓഡിറ്റും നടത്തി സബ്സിഡി വായ്പകൾ കർഷകർക്ക് തന്നെയാണ് ലഭിക്കുന്നതെന്ന് ഉറപ്പ് വരുത്തുന്നുണ്ട്. ഇത് സംബന്ധിച്ച് പരാതി ലഭിയ്ക്കുകയാണെങ്കിൽ അതിന്മേൽ അന്വേഷണം നടത്തി നടപടി സ്വീകരിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ